LIBRARY ARCHIVES Kerala Legislative Assembly

പശ്ചാത്തലസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതാണ്. ഇതിനായുള്ള അദ്ധ്യാപകരെ തയ്യാറാക്കാൻവേണ്ടി ടെയിനിംഗ് പ്രോഗ്രാമുകൾ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിവരുന്നുണ്ട്.

(ഡി) പദ്ധതിയുമായി സർവ്വകലാശാല ലൈബ്രറികളെ ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ്വർക്ക് സംവിധാനമായ കാൾനെറ്റി (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ലൈബ്രറികളുടെ നെറ്റ്വർക്കിലൂടെ നമ്മുടെ ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കുന്നത്. കൂടാതെ ജേർണലുകളും ഗവേഷണ പ്രബന്ധങ്ങളും ഈ വിജ്ഞാന വിഭവങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിൽനിന്നുള്ള പ്രതിനിധികളും സാങ്കേതിക വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കാൾനെറ്റ് ഗവേണിംഗ് കൗൺസിലും എല്ലാ സർവ്വകലാശാലകളിലെയും ലൈബ്രേറിയൻമാരും/സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രൂപീകൃതമായിട്ടുണ്ട്.

ക്ഷീരകർഷകരുടെ ക്ഷേമം

28 (*268) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന മേഖലയിൽ കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും ക്ഷേമനിധിയുടെ പ്രവർത്തനത്തെക്കുറിച്ചും വിശദമാക്കാമോ; ക്ഷീര സാന്ത്വനം പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയും കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരകർഷക ക്ഷേമനിധി വഴി 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും സാമൂഹ്യ സുരക്ഷാ പദ്ധതിയായി നടപ്പിലാക്കിവരുന്നു. ക്ഷീരസാന്ത്വനം പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്. ഒരു ക്ഷീരകർഷകൻ ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ചു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗമായ കർഷകൻ ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാലളക്കുന്നു എങ്കിൽ മരണപ്പെട്ട അംഗം പാലളന്ന കാലയളവുകൂടി അനന്തരാവകാശിയായ അംഗത്തിന് ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കുന്നതാണ്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളിൽ ജിയോമാപ്പിംഗ് നടത്തുന്നുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള കർഷക ഭവനങ്ങളുടെ ജ്യോഗ്രഫിക് ലൊക്കേഷൻ മാപ്പ് ചെയ്യുന്ന പദ്ധതിയാണിത്.

നേട്ടങ്ങൾ :

കേരളത്തിലെ, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ വീടുകളും മാപ്പ് ചെയ്യപ്പെടുകയാണെങ്കിൽ, അടിയന്തര മൃഗചികിത്സ അടക്കം വിവിധ സർക്കാർ സേവനങ്ങൾ ടി കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും മൃഗത്തിന് സാംക്രമിക രോഗബാധയുണ്ടായാൽ നിമിഷനേരംകൊണ്ട് ടി മൃഗം നിൽക്കുന്ന പ്രദേശത്തിനു ചുറ്റുമുള്ള കർഷകരേയും അവരുടെ ഉരുക്കളേയും തിരിച്ചറിയുന്നതിനും വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഓരോ വർഷവും ഓരോ പ്രദേശത്തും പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെപ്പറ്റി കർഷകർക്ക് മുൻകൂർ വിവരം നൽകാനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ വകുപ്പിനും സാധിക്കുന്നതാണ്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന പക്ഷം മാപ്പ്ചെയ്യപ്പെട്ട വീടുകളിൽ അടിയന്തര

LIBRARY ARCHIVES Kerala Legislative Assembly

സേവനമെത്തിക്കുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ, വകുപ്പിലെ ഏതൊരു ഫീൽഡ് തല ജീവനക്കാരനും ഇതിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു കർഷകന്റെ വീട്ടിലും ഭ്രമിക മൊബൈൽ ആപ്പിന്റെ സഹായത്തോടുകൂടി കൃത്യമായി എത്തിച്ചേരാൻ കഴിയുന്നതാണ്.

(സി) മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കാൻ വേണ്ട നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

മൃഗചികിത്സ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളിക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തനസമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്ന രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

കർഷകർക്ക് പ്രത്യേക പാക്കേജ്

29 (*269) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ, വിലത്തകർച്ച, കൃഷി നാശം എന്നിവമൂലം സംസ്ഥാനത്തെ കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രതിസന്ധി, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ എന്നിവമൂലവും കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലവും കർഷകർ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധിയും പ്രളയവും കാരണം ബുദ്ധിമുട്ടിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് കഴിഞ്ഞ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?